**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4675 — 28/6/2013 ൽ മറുപടിയ്ക്ക്

# അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളിലെ അമിതകീടനാശിനി പ്രയോഗത്തിൽ നിന്നുള്ള വിഷാംശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. കെ. ശശീന്ദ്രൻ<br>'' തോമസ് ചാണ്ടി | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | അയൽസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളിൽ അനുവദനീയമായതിലും കൂടുതലാണ് കീടനാശിനികളിൽ നിന്നുള്ളവിഷാംശം എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അയൽ സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്തി അമിതമായ കീടനാശിനിപ്രയോഗത്തിന് ഒരു ശാശ്വത പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇത്തരം കാര്യങ്ങളിൽ ബന്ധപ്പെട്ട സർക്കാരുകളുമായി ചർച്ച ചെയ്ത് കഴിയുന്നത്ര അനുകൂലമായ നടപടികൾ എടുക്കുന്നതിന് വഴിയൊരുക്കുക എന്നതാണ് സർക്കാരിന്റെ നയം. |
| (സി) | പ്രസ്തുത പച്ചക്കറികളിലെ വിഷാംശത്തിന്റെ അളവ് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി - അവശിഷ്ട | (സി) | കൃഷിവകുപ്പും കാർഷികസർവ്വകലാശാലയും ചേർന്ന് നടപ്പിലാക്കുന്ന സേഫ് ടു ഈറ്റ് പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന |

വിഷാംശപരിശോധന ലാബോറട്ടറിയിൽ പരിശോധിച്ച് എല്ലാ മാസവും പരിശോധനാഫലം ജനങ്ങളുടെ അറിവിലേയ്ക്കായി മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ലബോറട്ടറി പരിശോധിക്കുന്ന പച്ചക്കറികളിലെ വിഷാംശത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് 3 മാസത്തിലൊരിക്കൽ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നു. കൂടാതെ പത്രമാധ്യമങ്ങളിലും റിപ്പോർട്ട് ചെയ്യാറുണ്ട്.

**സെക്ഷൻ ഓഫീസർ**